പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 338

# 2010-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 338

# 2010-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

538/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 338

# 2010-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

1970-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1970-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1970-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിലെ (1970-ലെ 19) 2-ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ "കേരള തൊഴിലാളി ക്ഷേമ നിധി ബോർഡ്" എന്ന വാക്കുകൾക്കുശേഷം "അഥവാ 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റിന്റെ (1996-ലെ 27-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡ്" എന്ന വാക്കുകളും, അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റിന്റെ (1996-ലെ 27-ാം കേന്ദ്ര ആക്റ്റ്) 62-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ (എൽ) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡിലെ സ്ഥിരം ജീവനക്കാരുടെ നിയമനം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനായി സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു. അപ്രകാരം ബോർഡിലെ ജീവനക്കാരുടെ നിയമനം കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ അധികാര പരിധിയിൽ കൊണ്ടുവരുന്നതിലേക്കായി, 1970-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനി കളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് (1970-ലെ 19) ഭേദഗതി ചെയ്തുകൊണ്ട് ഈ ചുമതല കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചു കൊടുക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

# 1970-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗം

(1970-ലെ 19)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കോർപ്പറേഷൻ" എന്നാൽ, 1951-ലെ സംസ്ഥാന ധനകാര്യ കോർപ്പറേഷനുകൾ ആക്റ്റിലെ (1951-ലെ 63-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള സംസ്ഥാന ധനകാര്യ കോർപ്പറേഷൻ അഥവാ 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷനുകൾ ആക്റ്റിലെ (1962-ലെ 58-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ അഥവാ 1957-ലെ കേരള ഖാദിയും ഗ്രാമവ്യവസായവും ബോർഡ് ആക്റ്റിലെ (1957-ലെ 9-ാം ആക്റ്റ്) 4-ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് അഥവാ 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിലെ 3-ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള ജല അതോറിറ്റി അഥവാ 1969-ലെ കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1969-ലെ 22) 6-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് അഥവാ 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) 14-ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് അഥവാ 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1985-ലെ 21) 6-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് അഥവാ 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1977-ലെ 11) 4-ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു.

** ** ** **